1.	പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ	48
2.	എംപ്ലോയീസ് വായ്പ സംഘങ്ങൾ	41
3.	എസ്.സി/ എസ്.റ്റി വായ്പ സംഘങ്ങൾ	21
4.	മറ്റുള്ളവ	9
	ആകെ	119

(സി&ഡി) ലിക്വിഡേഷൻ നടപടി ഉത്തരവായിട്ടുള്ള സംഘം പുനരുദ്ധരിക്കുന്നതിനുള്ള അപേക്ഷ ലിക്വിഡേഷൻ ഉത്തരവ് തീയതിമുതൽ ഒരു വർഷത്തിനുളളിൽ സമർപ്പിക്കുകയാണങ്കിൽ അത് പരിശോധിച്ച് പുനരുദ്ധാരണത്തിന് സാദ്ധ്യതയുണ്ടെന്ന് കാണുന്നപക്ഷം പ്രവർത്തനം തുടരുന്നതിന് ടി സംഘത്തെ അനുവദിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II ശ്രദ്ധക്ഷണിക്കൽ

(1) കാപ്പികൃഷിയുടെ വിലയിടിവുമൂലം സംസ്ഥാനത്തെ കാപ്പി കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, കേരളത്തിൽ ഏകദേശം ഒന്നേകാൽ ലക്ഷം ചെറുകിട കാപ്പി കൃഷിക്കാരുണ്ട്. വൻകിട കാപ്പി കൃഷിക്കാർ ഏകദേശം 200-ൽ താഴെ മാത്രമേ വരൂ. ഒന്നേകാൽ ലക്ഷത്തിൽ ഏകദേശം ഒരു ലക്ഷം ചെറുകിട കാപ്പി കൃഷിക്കാർ വയനാട്ടിലാണ്. കാപ്പിയുടെ വില കിലോഗ്രാമിന് 130 രൂപവരെ പോയതാണ്. ഇപ്പോൾ അത് കുറഞ്ഞു. കുറഞ്ഞ് വന്ന് 30 രൂപയായി മാറിയിരിക്കുകയാണ്. റബ്ബറിനേക്കാൾ ദയനീയമാണ് കാപ്പിയുടെ സ്ഥിതി. റബ്ബറിന് 67 രൂപ ഉണ്ടായിരുന്നത് ഇപ്പോൾ ഏകദേശം 30 രൂപ കിട്ടുന്നുണ്ട്. കാപ്പിക്ക് 130 രൂപ ഉണ്ടായിരുന്നിടത്ത് ഇപ്പോൾ 30 രൂപയായി കുറഞ്ഞിരിക്കുന്നു. കുരുമുളക് ദ്രുതവാട്ടരോഗം കൊണ്ട് നശിച്ചുപോയ വയനാട്ടിലെ കൃഷിക്കാർക്ക് കൂനിൻമേൽ കുരു പോലെയാണ് കാപ്പിയുടെ വിലത്തകർച്ച. കാപ്പിയുടെ ഉൽപ്പാദനചെലവ് വളരെ കൂടിയ സംസ്ഥാനമാണ് കേരളം. കർണ്ണാടകത്തിൽ ഹെക്ടറിന് ഏകദേശം 1053 കിലോഗ്രാം കാപ്പി ഉൽപ്പാദിപ്പിക്കപ്പെടുമ്പോൾ കേരളത്തിൽ ഏകദേശം 623 കിലോഗ്രാം കാപ്പിയാണ് ശരാശരി ഹെക്ടറിന് ഉൽപ്പാദിപ്പിക്കപ്പെടുന്നത്. ഇന്ന് ശരാശരി ഉൽപ്പാദനം കുറവും കൂലിചെലവ് കൂടുതലും, വളം, കീടനാശിനി എന്നിവയുടെ വിലവർദ്ധനവും ഒക്കെ കണക്കാക്കുമ്പോൾ ഒരു കിലോഗ്രാം കാപ്പിക്ക് ശരാശരി 35 രൂപയെങ്കിലും ഉൽപ്പാദനച്ചെലവ് വരും. 35 രൂപ ഉൽപ്പാദനച്ചെലവ്

LIBRARY ARCHIVES Kerala Legislative Assembly

വരുന്നിടത്താണ് ഇപ്പോൾ കാപ്പി കൃഷിക്കാർക്ക് കിലോഗ്രാമിന് 30 രൂപ വില ലഭിച്ചുകൊണ്ടിരിക്കുന്നത്.കാപ്പി കൃഷിക്കാർ രക്ഷപ്പെടണമെങ്കിൽ കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകൾ ആത്മാർത്ഥമായി ശ്രമിച്ചെങ്കിൽ മാത്രമേ നടക്കുകയുള്ളൂ. കാപ്പി കൃഷിക്കാർ ഓരോ ദിവസവും കടക്കെണിയിലേക്ക് പോകുന്നു. കേരളത്തിലെ കാപ്പി കൃഷിക്കാർ പ്രത്യേകിച്ച് വയനാട്ടിലെ കാപ്പി കൃഷിക്കാർ ഇന്ന് ആത്മഹത്യയുടെ വക്കിൽ എത്തിനിൽക്കുകയാണ്. ഇവിടെ കേന്ദ്ര ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങളുണ്ട്. ബ്രസീലിൽ നിന്നും കാപ്പി ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുന്നുണ്ട്. വിയറ്റ്നാം, ഇൻഡോനേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്നും കാപ്പി ഇറക്കുമതി ചെയ്യാൻ സാദ്ധ്യതയുണ്ട്. കാപ്പിക്ക് ഇംപോർട്ട് താരിഫ് 15 ശതമാനമാണ്. അതേസമയം വ്യാവസായിക ഉൽപ്പന്നങ്ങൾക്ക് അയൺ ആന്റ് സ്റ്റീൽ 35 ശതമാനം ഷുഗറിന് 40 ശതമാനം വീറ്റിന് 50 ശതമാനം ഇങ്ങനെയാണ്. ഇതുകാരണം മറ്റ് രാജ്യങ്ങളിൽ നിന്നും വീറ്റ്, ഷുഗർ, അയൺ മുതലായവ ഇറക്കുമതി ചെയ്യുമ്പോൾ വില വർദ്ധിക്കുമെന്നതിനാൽ ഇവിടെ ഇറക്കുമതിക്ക് സാദ്ധ്യത കുറഞ്ഞു വരുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

പക്ഷെ കാപ്പിയുടെ ഇംപോർട്ട് താരിഫ് 15 ശതമാനം ആയതിനാൽ മറ്റ് രാജ്യങ്ങളിൽ നിന്നും കുറഞ്ഞവിലയ്ക്ക് കാപ്പി ഇൻഡ്യയിലേക്ക് ഇറക്കുമതി ചെയ്യാനുള്ള സാദ്ധ്യതയുണ്ട്. ഇപ്പോൾ ബ്രസീൽ മുതലായ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നുമുണ്ട്. അതുകൊണ്ട് ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കുന്ന കാപ്പിക്ക് മറ്റ് രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന കാപ്പിയുടെ വിലയുമായി മൽസരിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ഇംപോർട്ട് താരിഫ് കൂട്ടണം, ഇംപോർട്ട് താരിഫ് മറ്റ് വ്യാവസായിക ഉൽപ്പന്നങ്ങൾക്കുള്ള മാതിരിതന്നെ 40 ശതമാനമെങ്കിലുമാക്കാൻ കേന്ദ്രഗവൺമെന്റിൽ സംസ്ഥാന ഗവൺമെന്റ് സമ്മർദം ചെലുത്തണം. അതുപോലെ കാപ്പിക്ക് കേന്ദ്രഗവൺമെന്റ് കസ്റ്റംസ് ഡ്യൂട്ടി ഏർപ്പെടുത്തിയിട്ടുണ്ട്, കിലോഗ്രാമിന് 50 പൈസയാണ്. അതും എടുത്തുകളയാൻ കേന്ദ്രഗവൺമെന്റിൽ കേരളാ ഗവൺമെന്റ് സമ്മർദ്ദം ചെലുത്തേണ്ടതായിട്ടുണ്ട്. കേരളാ ഗവൺമെന്റ് കാപ്പിക്ക് ചുമത്തുന്ന എല്ലാ നികുതികൾക്കും താൽക്കാലികമായി ഒരവധിക്കാലം പ്രഖ്യാപിച്ചെങ്കിൽ മാത്രമേ കേരളത്തിലെ കാപ്പികൃഷിക്കാർ രക്ഷപ്പെടുകയുള്ളൂ. നികുതി ഏകീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കാപ്പിയുടെ പർച്ചേസ് ടാക്സ് 4 ശതമാനത്തിൽ നിന്നും 8 ശതമാനമായി ഉയർത്തിയിട്ടുണ്ട്. ഇപ്പോൾ കുരുമുളക്, ഏലം, അടയ്ക്ക എന്നിവയുടെ കൂടി ടാക്സ് കഴിഞ്ഞ ജൂൺ മുതൽ 8 ശതമാനമായി ഉയർത്തിയെങ്കിലും ഈ ജനുവരി മുതൽ 4 ശതമാനമായി കുറയ്ക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തിരിക്കുകയാണ്. അതുപോലെ തന്നെ കുരുമുളക്, ചുക്ക്, അടയ്ക്ക എന്നിവയ്ക്ക് സി.എസ്.ടി. എടുത്തുകളഞ്ഞിട്ടുണ്ട്. പക്ഷെ കാപ്പിയുടെ സി.എസ്.ടി. എടുത്തുകളഞ്ഞിട്ടില്ല. അതുകൊണ്ട് കാപ്പിയുടെ സി.എസ്.ടി. 4 ശതമാനം എന്നുള്ളത് എടുത്തുകളയാൻ ഗവൺമെന്റ് തയ്യാറാകണം. പർച്ചേസ് ടാക്സ് അല്ലെങ്കിൽ സെയിൽസ് ടാക്സ് പൂർണ്ണമായി എടുത്തുകളയാൻ ഗവൺമെന്റ് തയ്യാറാകണം. കോമ്പൗണ്ട് ടാക്സുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കോമ്പൗണ്ട് ടാക്സിൽ , ചുരുങ്ങിയത് നാല്, അഞ്ച് ഹെക്ടറെങ്കിലുമുള്ള കൃഷിക്കാരെ അതിൽ നിന്ന് ഒഴിവാക്കണം. കോമ്പൗണ്ട് ടാക്സ് മൂന്ന് ഹെക്ടറിന് മേലെ എട്ട് ഹെക്ടർ വരെയുള്ളവർക്ക് 700 രൂപയാണ്. അത് ഒഴിവാക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഇതിന്റെ ഫലമായി ഇപ്പോൾ പോലീസടക്കം കാപ്പികൃഷിക്കാരെ പീഡിപ്പിക്കുകയാണ്. പർച്ചേസ് ടാക്സിന്റെ പേരിൽ കഴിഞ്ഞ 26-ാം തീയതി എൻ.എൻ. ചന്ദ്രചൂഡാമണി എന്ന കൃഷിക്കാരൻ മില്ലിലേക്ക് കാപ്പി കുത്താൻ കൊണ്ടുപോകുമ്പോൾ അവിടെവച്ച് പോലീസ് കാപ്പി പിടിച്ചെടുത്തു. സെയിൽസ് ടാക്സ് നിയമനുസരിച്ച് 27 (എ) ഫോറം പൂരിപ്പിച്ച് അതിന്റെ കൂടെ കൊണ്ടുപോയാൽ കാപ്പി hull ചെയ്യാൻ കൊണ്ട് പോകാൻ കഴിയും. പക്ഷേ ഇവിടെ നിയമപരമായിട്ടുള്ള യാതൊരു അവകാശവുമില്ലാത്ത പോലീസുകാരൻ ഇദ്ദേഹത്തിന്റെ കാപ്പി പിടിച്ചെടുത്ത് സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിൽ ഏൽപ്പിക്കുകയുണ്ടായി. കർഷകരെ രക്ഷിക്കാൻ കേരളാ ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തണം. ചെലുത്തിയെങ്കിലേ പറ്റുകയുള്ളൂ. കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ഒരു കിലോ കാപ്പിക്ക് ചുരുങ്ങിയത് 75 രൂപയെങ്കിലും താങ്ങുവില പ്രഖ്യാപിക്കാൻ ഗവൺമെന്റ് ശ്രമിക്കണം. താങ്ങുവില കൃഷി ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടതാണ്. ഏറ്റവും പ്രധാനമായിട്ട് ചെയ്യേണ്ടത് ഇതിന്റെ സെയിൽസ് ടാക്സ്, സി.എസ്.ടി. മുതലായ കാര്യങ്ങൾ അങ്ങ് പിൻവലിക്കണം. താങ്ങുവില പ്രഖ്യാപിക്കുമ്പോൾ കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾക്ക് ഈ കാര്യങ്ങളിൽ സാമ്പത്തിക ബാദ്ധ്യതയൊക്കെ വരും. എന്നാലും ധനകാര്യ മന്ത്രിയായ അങ്ങ് ഇതിൽ ആത്മാർത്ഥമായി ശ്രമിക്കണം. എങ്കിൽ മാത്രമേ ഈ താങ്ങുവില പ്രഖ്യാപിച്ചുകൊണ്ട് കർഷകരെ രക്ഷിക്കാൻ കഴിയൂ. കേന്ദ്ര ഗവൺമെന്റിന് താങ്ങുവില പ്രഖ്യാപിക്കാൻ കഴിയുകയില്ലായെങ്കിൽ സംസ്ഥാന ഗവൺമെന്റിന് അത്തരം കാര്യങ്ങൾ ചെയ്യാവുന്നതാണ്. ഇതിന് പ്രീസിഡൻസ് ഉണ്ട്. യു.ഡി.എഫിന്റെ ഭരണകാലത്ത് നാളികേരം, റബ്ബർ, കുരുമുളക് ഇഞ്ചി, നെല്ല് മുതലായവ ഉൽപ്പന്നങ്ങൾക്ക് താങ്ങുവില പ്രഖ്യാപിച്ച് വിവിധ ഏജൻസികൾ മുഖേന സംഭരിച്ച പ്രീസിഡൻസ് ഉണ്ട്. 1985-ൽ നാളികേരത്തിന് താങ്ങുവില പ്രഖ്യാപിച്ചു. വിവിധ ഏജൻസികൾ മുഖേന അന്ന് എടുത്തു. ആറ് ഓയിൽ മില്ലുകൾ വാടകയ്ക്കെടുത്ത് നാളികേരം വെളിച്ചെണ്ണയാക്കി വിറ്റ സംഭവം കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിട്ടുണ്ട്. അതുപോലെതന്നെ 1982-84 കാലങ്ങളിൽ ഗവൺമെന്റ് റബ്ബറിന് താങ്ങുവില പ്രഖ്യാപിച്ചു. അതുപോലെ ഇഞ്ചി നാഫെഡിനെക്കൊണ്ട് സംഭരിപ്പിച്ച് സപ്പോർട്ട് പ്രൈസ് പ്രഖ്യാപിച്ചു. അതുപോലെ നെല്ലിന് താങ്ങുവില പ്രഖ്യാപിച്ച് നെല്ല് സംഭരിച്ച്, കുത്തി അരിയാക്കി സിവിൽസപ്ലൈസ് കോർപ്പറേഷൻ മുഖേന വിൽപ്പന നടത്തി, ഇങ്ങനെ ഒരുപാട് പ്രീസിഡൻസ് ഉണ്ട്. നമ്മുടെ സംസ്ഥാന ഗവൺമെന്റിന് ഇക്കാര്യങ്ങൾ ചെയ്യാവുന്നതാണ്. അഥവാ കേന്ദ്രഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിച്ചില്ലെങ്കിൽ സംസ്ഥാന ഗവൺമെന്റ് ചെയ്യണം. കുരുമുളകിനും യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ട്. താങ്ങുവില സംസ്ഥാന ഗവൺമെന്റിന് പ്രഖ്യാപിക്കാവുന്നതേയുള്ളൂ. വെസ്റ്റ് ബംഗാളിൽ ഇതുപോലുള്ള ഒരു അനുഭവം ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഉരുളക്കിഴങ്ങിന് വില കുറഞ്ഞപ്പോൾ ജ്യോതിബസു ഗവൺമെന്റ് താങ്ങുവില പ്രഖ്യാപിച്ച് വിവിധ ഏജൻസികൾ വഴി സംഭരിക്കുകയുണ്ടായി. പിന്നെ കേന്ദ്രഗവൺമെന്റ് ഇക്കാര്യത്തിൽ ബന്ധപ്പെട്ടുകൊണ്ട് താങ്ങുവില പ്രഖ്യാപിച്ച സംഭവം ഉണ്ടായിട്ടുണ്ട്. ഒന്നുരണ്ടു കാര്യങ്ങൾ ഇവിടെ പറയാം. കേന്ദ്രഗവൺമെന്റ് കാപ്പിയുടെ ഇംപോർട്ട് താരിഫ് കൂട്ടണം. ഇപ്പോൾ 15 ശതമാനമാണ്. സ്റ്റീലിനും അയണിനും 35 ശതമാനവും ഷുഗറിന്റേത് 40 ശതമാനവുമാണ്. വീറ്റിന് അൻപതാണ്. അതുകൊണ്ട് മറ്റു രാജ്യങ്ങിൽ നിന്ന് ഇത്തരം സാധനങ്ങൾ ഇവിടെ ചീപ്പായി ഇറക്കുമതി ചെയ്യാൻ കഴിയുകയില്ല. അതുകൊണ്ട് ഇറക്കുമതി ചെയ്യാതെ പിടിച്ച് നിൽക്കാൻ കഴിയുന്നു. നമ്മുടെ ഇംപോർട്ട് താരിഫ് കാപ്പിയുടേത് കൂട്ടാൻ കേന്ദ്രഗവൺമെന്റിൽ സമ്മർദം ചെലുത്തണം. രണ്ടാമത്, എല്ലാ നികുതികൾക്കും കേരളാ ഗവൺമെന്റ് അവധിക്കാലം പ്രഖ്യാപിക്കണം. മൂന്നാമതായി കേന്ദ്രഗവൺമെന്റിൽ സമ്മർദം ചെലുത്തി ഒരു കിലോ കാപ്പിക്ക് എഴുപത്തിയഞ്ച് രൂപയെങ്കിലും താങ്ങുവില പ്രഖ്യാപിക്കണം. കേന്ദ്രഗവൺമെന്റ് അതിന് തയ്യാറായില്ലെങ്കിൽ കേരള ഗവൺമെന്റ് താങ്ങുവില പ്രഖ്യാപിച്ച് വിവിധ ഏജൻസികൾ വഴി കാപ്പി സംഭരിക്കാൻ തയ്യാറാകണം. എങ്കിൽ മാത്രമേ ആത്മഹത്യയുടെ വക്കിലെത്തി യിരിക്കുന്ന കേരളത്തിലെ കാപ്പികൃഷിക്കാരെ രക്ഷിക്കാൻ കഴിയൂ. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ അടിയന്തിര ശ്രദ്ധ പതിയണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കാപ്പിക്ക് വിലയിടിവ് ഉണ്ടാക്കിയിട്ടുള്ള പ്രശ്നത്തെ സംബന്ധിച്ച് സഖാവേ - സംസ്ഥാന സർക്കാരിന് നല്ല ബോദ്ധ്യമുണ്ട്. സഖാവ് എന്നു പറഞ്ഞതുകൊണ്ട് കുഴപ്പമില്ല. ഒരു സ്ലിപ് ഓഫ് ദി ടങ് വന്നു. കാര്യം പറഞ്ഞുതരാം. ഭഗവത്ഗീതയിൽ ശ്രീകൃഷ്ണൻ അർജ്ജുനനെ വിളിക്കുന്നത് സഖേ എന്നാണ്. അതിനെ തർജ്ജിമ ചെയ്തിട്ടുള്ളത് comrade എന്നാണ്. അതുകൊണ്ട് അർജ്ജുനൻ ഒരു ലോക്കൽ കമ്മിറ്റിയിലും സെക്രട്ടറിയായിരുന്നില്ല. അതാണ് പറഞ്ഞത്, താങ്ക് യൂ, comrade എന്ന് പറഞ്ഞാൽ അടുത്ത സുഹൃത്തെന്നേ അർത്ഥമുള്ളൂ. ഡോക്ടർ രാധാകൃഷ്ണന്റെ ട്രാൻസിലേഷനിൽ comrade എന്നാണ്. സഖാവേയെന്നു വിളിക്കുമ്പോൾ എല്ലാപേരുടേയും വിചാരം ഇത് കമ്മ്യൂണിസ്റ്റുകാരനെന്നാണ്. അല്ല രണ്ടും ഒന്നാണ് അർത്ഥം, സഖേയെന്നും സുഹൃത്തെന്നും വിളിക്കുന്നത് ഒന്നാണ്. കാപ്പിയുടെ വിലയിടിവ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് ഉണ്ടാക്കിയിട്ടുള്ള പ്രശ്നങ്ങൾ, മെമ്പർ ഉന്നയിച്ചത് വളരെ വസ്തുതാപര മായിട്ടുള്ളതാണ്. കാരണം വയനാട്ടിലെ കാപ്പി കൊടകിലെ കാപ്പിയേക്കാളും ഏറ്റവും ക്വാളിറ്റിയുള്ളതാണ്. കാപ്പിക്ക് മാക്സിമം വിലയുണ്ടായിരുന്നതാണ്. വയനാടുകാർ ജീവിക്കുന്നത് അതുകൊണ്ടായിരുന്നു. ഇപ്പോൾ അതിന്റെ വിലയിടിഞ്ഞു, ഇവിടെയുള്ള കാപ്പികർഷകരുടെ ദുരിതം വളരെ വളരെ വർദ്ധിച്ചിരിക്കുകയാണ്. ഈ പ്രതിഭാസം നേരിടാൻ ബഹുമാനപ്പെട്ട അംഗം ഇവിടെ ചില നിർദ്ദേശങ്ങൾ വച്ചു. ആ നിർദ്ദേശങ്ങളെല്ലാം ഗവൺമെന്റ് സജീവമായി പരിഗണിക്കാം. അതിലെ പർച്ചേസ് ടാക്സിനെക്കുറിച്ച് മനസ്സിലാക്കേണ്ടതായിട്ടുണ്ട്. പർച്ചേസ് ടാക്സ് ഇപ്പോൾ ഫസ്റ്റ് പോയിന്റിലാണ്

LIBRARY ARCHIVES Kerala Legislative Assembly

പിരിക്കുന്നത്. പണ്ടത് ലാസ്റ്റ് പോയിന്റിലായിരുന്നു. ഞാൻ തന്നെയാണ് ഫസ്റ്റ് പോയിന്റിലാക്കിയത്. ഫസ്റ്റ് പോയിന്റിൽ ആക്കിയതുകൊണ്ട് കളളക്കടത്ത് തടയാമെന്നാണ് വിചാരിച്ചത്. പക്ഷേ ഇപ്പോൾ ഫസ്റ്റ് പോയിന്റിൽ ടാക്സ് ആക്കിയതുകൊണ്ട് കൃഷിക്കാർക്ക് പ്രശ്നം വന്നിട്ടുണ്ട്. നേരേ മറിച്ച് ലാസ്റ്റ് പോയിന്റിൽ ആണെങ്കിൽ കൃഷിക്കാർക്ക് പർച്ചേസ് ടാക്സ് അവിടെ കൊടുക്കേണ്ടതുള്ളൂ. രണ്ട് കൊല്ലം മുൻപാണ് അങ്ങനെയാക്കിയത്. ടുവേഡ്സ് എക്സ്പോർട്ട് ആക്കിയാൽ പോയി, ബഹുമാനപ്പെട്ട ആര്യാടൻ പറഞ്ഞത് ശരിയാണ്. ഫസ്റ്റു പോയിന്റിലെ ടാക്സ് ലാസ്റ്റ് ആക്കിയാൽ എക്സ്പോർട്ട് ആണെങ്കിൽ അതിന് ടാക്സ് ഇല്ല. പക്ഷേ കൊടകിൽ നിന്നും മറ്റും ധാരാളം കാപ്പി അവിടെ പോയി നമ്മുടെ ഈ കാപ്പിക്ക് ടാക്സ് കൊടുത്തിട്ട് അവിടെ പോകുന്നു. ടാക്സ് കൊടുക്കാത്ത കാപ്പിയും എക്സ്പോർട്ടും രണ്ടും കഴിച്ച് ഇല്ലാതാകും. അതുകാണ്ട് വയനാട്ടിലെ കാപ്പികൃഷിക്കാർക്ക് പ്രത്യേക പ്രശ്നങ്ങളുണ്ട്. ആ പ്രത്യേക പ്രശ്നം പരിഹരിക്കാൻ യുക്തമായ നടപടി ഗവൺമെന്റ് കൈക്കൊളളും, 1-1-2000 തൊട്ട് തറവില ഏകീകരിക്കാൻ തീരുമാനിച്ചതനുസരിച്ച് ഇതിന്റെ ടാക്സ് ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുണ്ട്. അത് അയൽ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തിയിട്ടാണ് അടയ്ക്ക, കുരുമുളക്, ഏലം ഈ മൂന്ന് കമോഡിറ്റീസിന്റെ ടാക്സ് നമ്മൾ നോട്ടിഫിക്കേഷനിൽ കുറച്ചു. ഇപ്പോൾ പണ്ടത്തെ ടാക്സ് ഇല്ല. ഇപ്പോൾ കുറച്ചുഎന്നല്ല, ടാക്സ് കുറഞ്ഞു. സർചാർജ് ഇല്ല. സർചാർജ് 10 ശതമാനം കൊടുക്കണ്ട. അടയ്ക്ക, കുരുമുളക്, ഏലം ഈ മൂന്നെണ്ണത്തിന്റെയും കുറച്ചു. അതുപോലെ ഇഞ്ചിയുടെ ടാക്സിന്റെ കാര്യത്തിൽ എന്തുചെയ്യാൻ സാധിക്കുമെന്ന് ഗവൺമെന്റ് പരിശോധിക്കും. അതിന് ഉചിതമായ തീരുമാനമെടുക്കും. ആ കൃഷിക്കാരോടും ഗവൺമെന്റിന് ബാദ്ധ്യതയുണ്ടല്ലോ? ഇതെല്ലാം പറയുമ്പോൾ ഒരു കാര്യം ആലോചിക്കേണ്ടത്, ഇപ്പോൾ നമ്മുടെ യൂണിഫൈഡ് ഫ്ളോർറേറ്റു കൊണ്ട് കേരളത്തിൽ ഉണ്ടാകാൻ പോകുന്നത് ഗുണമോ ദോഷമോയെന്ന് അറിയാൻ ഇരിക്കുന്നതേയുളളൂ. ഇൻഡ്യാഗവൺമെന്റിന്റെ പ്രീ ബഡ്ജറ്ററി ഇക്കണോമിക് റെവ്യൂവിന്റെ വിവരങ്ങൾ വന്നിട്ടുണ്ട്. അത് ഭയാനകമായ ഒരു ചിത്രമാണ് വരച്ചുകാണിക്കുന്നത്. ആ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് വേണം നമ്മുടെ ഫിസിക്കൽ പോളിസീസ് നടപ്പിലാക്കാൻ, അപ്പോൾ നമുക്ക് നിന്നു പിഴയ്ക്കുകയും വേണം, ഡെവലപ്മെന്റ് നടത്തണം, നിത്യനിദാനച്ചെലവുകൾ നടത്തണം. ഇതിനെല്ലാം തന്നെ സ്റ്റേറ്റിന് ഫിനാൻസ് ആവശ്യമാണ്. അതിന് വലിയ സാമ്പത്തിക ബാദ്ധ്യതയുണ്ട്. ഗവൺമെന്റിന്റെ പരിമിതിക്കുളളിൽ നിന്നുകൊണ്ട് ഇതിന് അത്രയൊന്നും വരില്ല. ഇതെല്ലാം പരിശോധിച്ച് ടാക്സിന്റെ ഫ്ളോർ റേറ്റ് അയൽസംസ്ഥാനങ്ങളിൽ ഇവിടുത്തേക്കാൾ കുമ്മിയാണെങ്കിൽ നിശ്ചയമായും ആ ടാക്സ് കുറയ്ക്കും. ഇവിടുത്തെ ടാക്സിനേക്കാൾ കുമ്മിയാണ് കർണ്ണാടകത്തിലും മറ്റുളള സംസ്ഥാനങ്ങളിലുമെങ്കിൽ നിശ്ചയമായും ആ ഫ്ളോർ റേറ്റിലേയ്ക്ക് നമ്മൾ കൊണ്ടുവരും. അവർക്ക് ഫ്ളോർ റേറ്റിൽ നിന്ന് താഴ്ത്താമെങ്കിൽ നമുക്കും താഴ്ത്താമല്ലോ. യാതൊരു സംശയവും വേണ്ട. സെയിൽ ഒക്കെ ഷിഫ്റ്റു ചെയ്യും കൃഷിക്കാർക്ക് അപകടം വരും, അത് ഗവൺമെന്റ് ശ്രദ്ധിക്കുന്നതാണ്. Purchase Tax first point and

LIBRARY ARCHIVES Kerala Legislative Assembly

last point പണ്ട് ഫസ്റ്റ് പോയിന്റിലായിരുന്നത് കൃഷിക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു എന്ന നിവേദനം കിട്ടിയിട്ടുണ്ട്. കൃഷിക്കാരിൽനിന്നു പിരിക്കുന്നത് കൃഷിക്കാർക്ക് വിഷമം സൃഷ്ടിച്ചിട്ടുണ്ട്. അക്കാര്യം ഗവൺമെന്റ് ശ്രദ്ധിക്കും. പിന്നെയൊരു കാര്യം തറവില നിശ്ചയിക്കുന്നതിനെ സംബന്ധിച്ചാണ്. അതിന്റെ എല്ലാവശവും പരിശോധിച്ചശേഷം മാത്രമേ പറയാൻ കഴികയുകയുള്ളൂ. കാരണം അതിന്റെ റെമ്യൂണറേറ്റീവ് പ്രൈസ്, അതാണ് തറവില, അതാണ് ഉൽപ്പാദന ചെലവിനൊത്ത വില, അപ്പോൾ റെമ്യൂണറേറ്റീവ് പ്രൈസ് കിട്ടത്തക്കരീതിയിലാണ് താങ്ങുവില അഥവാ സപ്പോർട്ട് പ്രൈസ് നിശ്ചയിക്കുന്നത്. എന്നാലെ രക്ഷിക്കാൻ സാധിക്കുകയുള്ളൂ. അത് ഉൽപ്പാദന ചെലവുമായി തട്ടിച്ചുനോക്കുമ്പോൾ വില വളരെ കുറവാണെങ്കിൽ ആ കൃഷിക്കാരെ രക്ഷിക്കാൻ സപ്പോർട്ട് പ്രൈസ് ആവശ്യമാണ്, ആ നിലയ്ക്ക് ഇതിന്റെ എല്ലാവശങ്ങളും പരിശോധിച്ച് ഇപ്പോൾ ഇവിടെ ശ്രീ. രാമചന്ദ്രൻ മാസ്റ്റർ അവതരിപ്പിച്ച പ്രശ്നം അത് ഗവൺമെന്റ് അർഹിക്കുന്ന ഗൗരവത്തോടുകൂടി തന്നെ പരിശോധിക്കും. അതനുസരിച്ച് ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ടാക്സിന്റെ കാര്യത്തിലായാലും ശരി മറ്റുള്ള കാര്യത്തിലായാലും ശരി ഗവൺമെന്റ് കൃത്യമായും യുക്തമായും നടപടി സ്വീകരിക്കുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : മുൻകാലങ്ങളിൽ കോഫി ബോർഡ് കാപ്പിക്കുരു ശേഖരിച്ചിരുന്നു. ഇപ്പോൾ കാപ്പി വാങ്ങാൻ ആളില്ല, അതാണ് സ്ഥിതി.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, ഞാൻ പറഞ്ഞ കാര്യത്തിനൊന്നും അങ്ങ് വ്യക്തമായ മറുപടി പറഞ്ഞിട്ടില്ല. 'അരിയെത്ര മാപ്പിളേയെന്ന് ചോദിച്ചപ്പോൾ പയർ അഞ്ഞാഴി' എന്ന് പറഞ്ഞതുപോലെയാണ് അങ്ങയുടെ മറുപടി. ഞാൻ പറഞ്ഞതിൽ രണ്ടുമൂന്ന് സ്പെസിഫിക്കായ കാര്യങ്ങളുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ എല്ലാ ടാക്സുകൾക്കും അവധിക്കാലം പ്രഖ്യാപിക്കുക, കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി താങ്ങുവില പ്രഖ്യാപിക്കുക, കേന്ദ്ര ഗവൺമെന്റ് അതിന് തയ്യാറില്ലെങ്കിൽ കേരളാ ഗവൺമെന്റ് താങ്ങുവില പ്രഖ്യാപിച്ച് വിവിധ ഏജൻസികൾ മുഖേന എടുക്കാൻ തയ്യാറാകുമോ? ടാക്സിന് അവധിക്കാലം പ്രഖ്യാപിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഇങ്ങനെയൊരു ചോദ്യത്തിന്, പെട്ടെന്ന് മറുപടി പറയേണ്ട ഒരു പ്രശ്നമല്ല ഇത്. അങ്ങ് ഉന്നയിച്ച എല്ലാ പ്രശ്നങ്ങളും വസ്തുതയാണ്. അതുകൊണ്ട് ഗവൺമെൻറ് take serious cognizance of it അതേ ഞാൻ പറഞ്ഞിട്ടുള്ളൂ. ഇതിൽ ടാക്സ് കുറയ്ക്കുന്ന കാര്യത്തിലായാലും കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്ന കാര്യത്തിലായാലും സപ്പോർട്ട് പ്രൈസ് ഫിക്സ് ചെയ്യുന്ന കാര്യത്തിലായാലും അതിന്റെ നാനാവശങ്ങളും പരിശോധിക്കേണ്ടതും ഒരു മന്ത്രി നിയമസഭയിൽ മറുപടി പറയുമ്പോൾ, നിങ്ങൾ മുന്നെണ്ണം അംഗീകരിക്കുമോ എന്ന് ചോദിച്ചാൽ Yes or No എന്ന് പറഞ്ഞാൽ മതി. അങ്ങനെ നിറുത്തി ചോദിച്ചാൽ അതിന് ആ രീതിയിൽ മറുപടി പറയുന്നത് ബുദ്ധിപൂർവ്വമല്ലെന്ന് ഉള്ളതുകൊണ്ടാണ് ഞാൻ അങ്ങനെ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് അതുസംബന്ധിച്ച് പഠിക്കണം. ഇന്നാണ് എനിക്ക് കാളിംഗ് അറ്റൻഷന് നോട്ടീസ് കിട്ടിയത്. ഇന്നലെ മഹിളാപ്രധാനിലെ ഒരാൾ മരിച്ച സ്ഥലത്ത് പോകേണ്ടിവന്നു. ഇന്ന് രാവിലെ മൂന്നു മണിക്കാണ് വന്നത്. I have not given my thought, not applied my mind; we have raised the issue Yes or No . അത് അസ്സലായി പരിശോധിച്ച് ഇനി അതിന് പരിഹാരം കാണേണ്ടത് ഗവൺമെന്റാണ്. ഗവൺമെന്റ് അതിനുള്ള ഉചിതമായ നടപടിയെടുക്കും. Your points are well taken. എന്ന് പറഞ്ഞുകഴിഞ്ഞാൽ പിന്നെ അത് ഇന്നത് ചെയ്യുമോ ഇന്നത് ചെയ്യുമോ അങ്ങനെ വിസ്തരിക്കരുത്. അങ്ങ് സഭയുടെ ശ്രദ്ധ ക്ഷണിച്ചു. അത് തന്നെ പ്രധാനമാണ്. മാക്സിമം അതിന്റെ എല്ലാവശങ്ങളും പരിശോധിച്ചിട്ട് വേണം മറുപടി പറയേണ്ടത്. വെറുതെ പറഞ്ഞാൽ നടപ്പിലാക്കണ്ടേ? ഇന്നലെ ഞാൻ മറുപടി പറഞ്ഞു. ഷാഹുൽ ഹമീദിനെ മർദ്ദിച്ച പോലീസുകാരെ സർവീസിൽ നിന്ന് മാറ്റി നിറുത്തി അന്വേഷിക്കുമെന്ന്. ഇന്നലെത്തന്നെ അവരെ സസ്പെന്റു ചെയ്തു. പറഞ്ഞാൽ പറഞ്ഞതുപോലെ ചെയ്യണം. അതുകൊണ്ട് മറുപടി പറയുമ്പോൾ അവനവനെകൊണ്ട് ചെയ്യാൻ കഴിയുന്ന കാര്യം പറയണം. നിയമസഭയിൽ പറഞ്ഞാൽ അതു ഒരു അഷ്വറൻസാണ്. വളരെ സൂക്ഷിച്ചേ പറയാൻ കഴിയൂ. അതുകൊണ്ടാണ് അങ്ങനെ പറഞ്ഞത്.

(2) സർവ്വകലാശാലകളുടെ പ്രവർത്തനത്തിലുള്ള അപാകതകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജി. സുധാകരൻ : സർ, കേരളത്തിലെ സർവ്വകലാശാലകളിൽ നിലവിലുള്ള ചില ദുഃസ്ഥിതികളിലേക്കാണ് ബഹുമാനപ്പെട്ട സഭയുടെയും ആരാധ്യനായ പി.ജെ.ജോസഫിന്റേയും ശ്രദ്ധക്ഷണിക്കുന്നത്. എല്ലാ സർവ്വകലാശാലകളേയും ബാധിക്കുന്ന പൊതുവായ പ്രശ്നമായതുകൊണ്ട് കാളിംഗ് അറ്റൻഷന്റെ വിശദാംശങ്ങൾ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പത്രം വായിക്കുന്നവർക്കെല്ലാമറിയാം കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖല ഒരു സംഘർഷാവസ്ഥയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണെന്ന്. പരീക്ഷകൾ ബഹിഷ്ക്കരിക്കാൻ നിർബന്ധതരാകുമെന്ന് ഗവൺമെന്റ് കോളേജ് അദ്ധ്യാപരുടെ ഏറ്റവും വലിയ പ്രസ്ഥാനമയ എ.കെ.ജി.സി.റ്റി.എ. ഒരു പ്രസ്താവനയിറക്കിയിട്ടുണ്ട്. മറ്റൊരു സുപ്രധാന സംഘടനയായ എ.കെ.പി.സി.ടി.എ സ്വകാര്യ കോളേജ് അദ്ധ്യാപകരുടെ പ്രതിഷേധവുമായി രംഗത്ത് വന്നിരിക്കുകയാണ്. ഇൻഡ്യയിലെ ഏറ്റവും വലിയ സംഘടിത വിദ്യാർത്ഥി പ്രസ്ഥാനമെന്നനിലയിൽ എസ്.എഫ്.ഐ. യുടെ പ്രതിഷേധ പ്രസ്താവന യു.ജി.സി. ഓർഡറുമായി ബന്ധപ്പെട്ട് ഇന്ന് ഇറങ്ങിയിട്ടുണ്ട്. എ.ഐ.എസ്.എഫ്-ന്റെ പ്രസ്താവന നേരത്തേ വന്നിട്ടുണ്ട്. യു.ഡി.എഫുമായി ബന്ധപ്പെട്ട അദ്ധ്യാപക സംഘടനയുടെ ഐക്യവേദിയും യു.ജി.സി. പ്രശ്നത്തിൽ പ്രതിഷേധവുമായി രംഗത്ത് വന്നിരിക്കുകയാണ്. ഇതെല്ലാം കണക്കിലെടുക്കുമ്പോൾ കഴിഞ്ഞ ഒരുമാസമായി ഇത്തരമൊരു സ്ഥിതി ആരംഭിച്ചിട്ടുണ്ടെങ്കിലും നമ്മുടെ ഉന്നത വിദ്യാഭ്യാസവകുപ്പിലെ ബന്ധപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly